(എഫ്)മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ട്രഷറി പ്രവർത്തിക്കുന്നതിന് അനിവാര്യമായ ജോലിചെയ്തു പൂർത്തിയാക്കിയിട്ടുണ്ട്. ഉടൻതന്നെ ആ കെട്ടിടത്തിലേക്ക് ട്രഷറി മാറ്റി പ്രവർത്തനം തുടങ്ങുന്നതാണ്.

24 (3350) ലോക്കൽ ഫണ്ട് ഓഡിറ്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾ

ശ്രീ. എ.കെ. മണി :

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള ലോക്കൽ ഫണ്ട് ആക്ട് അനുസരിച്ച് എത്ര പുതിയ സ്ഥാപനങ്ങളുടെ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ കൂടുതലായി വന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ ഈ സ്ഥാപനങ്ങളെ പുതുതായി കൊണ്ടുവന്നത് ഏത് തീയതി മുതലാണെന്ന് വിശദീകരിക്കുമോ;

(സി) ഈ പുതിയ സ്ഥാപനങ്ങളെ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ഈ സർക്കാർ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്;

(ഡി) ഇത് സംബന്ധിച്ച് ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) പതിനഞ്ച് പുതിയ സ്ഥാപനങ്ങളെക്കൂടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകൾ	-	12
സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം	-	1
അർബൻ ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ	-	1
കെ.എച്ച്.ആർ.ഡബ്ല്യു.എസ്.	-	1

		15
		===

(ബി) 15.1.1996 മുതൽ

(സി) പുതിയ സ്ഥാപനങ്ങൾ ഉൾപ്പെടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റിനായി 151 പുതിയ തസ്തികകൾ അനുവദിക്കുകയും വകുപ്പിലെ ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ടി.എ. സീലിങ്ങിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉത്തരവുകളുടെ പകർപ്പുകൾ സമർപ്പിക്കുന്നു.†

25 (3351) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ സൂപ്രണ്ട് തസ്തിക

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തലവന്റെ ഓഫീസിൽ ഇപ്പോൾ എത്ര ഓഫീസ് സൂപ്രണ്ട് തസ്തിക നിലവിലുണ്ട്; ഇതിൽ എതെങ്കിലും തസ്തിക അവിടെനിന്നും ഷിഫ്റ്റ് ചെയ്യാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തലവന്റെ ഓഫീസിൽ അനുവദിച്ചിട്ടുള്ള ഓഫീസ് സൂപ്രണ്ട് തസ്തിക മറ്റ് ഓഫീസുകളിലേയ്ക്ക് മാറ്റുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഇപ്പോൾ ഈ തസ്തികകളിൽ ജോലി ചെയ്യുന്നവരെ ഈ തസ്തികകൾ മാറ്റുന്ന സ്ഥലത്തേക്ക് ഷിഫ്റ്റ് ചെയ്യണമെന്ന് അപേക്ഷിച്ചിരുന്നുവോ; എങ്കിൽ എന്ന്; ഇതിൻമേൽ എന്ത് തീരുമാനമെടുത്തു;

(ഡി) ഇപ്പോൾ പ്രസ്തുത ഓഫീസിലുള്ള തസ്തിക ഷിഫ്റ്റ് ചെയ്യാൻ ഉള്ള സാഹചര്യം എന്താണ്;

(ഇ) ഈ തസ്തിക ഷിഫ്റ്റ് ചെയ്യാൻ തീരുമാനിക്കുന്നതിന് മുൻപ് എന്തെങ്കിലും വർക്ക്സ്റ്റഡി നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരംനൽകുമോ;

(എഫ്)പ്രസ്തുത ഓഫീസിൽ ഇപ്പോൾ നിലവിലുള്ള ഓഫീസ് സൂപ്രണ്ടുമാർക്ക് ഓരോരുത്തർക്കും നിശ്ചയിച്ചുകൊടുത്തിട്ടുള്ള കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ജി) ഓഫീസ് സൂപ്രണ്ട് തസ്തിക പ്രസ്തുത ഓഫീസിൽ നിന്നും മറ്റെവിടെയ്ക്കെങ്കിലും മാറ്റുമ്പോൾ ഇവർ നിർവ്വഹിച്ചുവരുന്ന ജോലിയുടെ നടത്തിപ്പിനുവേണ്ടി മറ്റ് എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഫീസിൽ രണ്ട് (2) ഓഫീസ് സൂപ്രണ്ട് തസ്തിക നിലവിലുണ്ട്. ഇതിൽ ഒരെണ്ണം എറണാകുളത്തേയ്ക്ക് മാറ്റണമെന്ന് ശ്രീമതി ഡി. രമയും, തൃശൂർക്ക് മാറ്റണമെന്ന് ശ്രീമതി സരോജനിയും ആവശ്യപ്പെട്ടിരുന്നു.

(ബി) പ്രത്യേക വ്യവസ്ഥകൾ ഒന്നുംതന്നെ ഇപ്പോൾ പ്രാബല്യത്തിലില്ല.

(സി) അപേക്ഷിച്ചിരുന്നു. 19-7-1995-ൽ ഓഫീസ് സൂപ്രണ്ട് ശ്രീമതി ഡി. രമയും, 23-4-1997-ലും 7-5-99-ലും ഓഫീസ് സൂപ്രണ്ട് ശ്രീമതി സരോജിനിയും അപേക്ഷിച്ചിരുന്നു.

(ഡി) തസ്തിക ഷിഫ്റ്റ് ചെയ്തിട്ടില്ല.

(ഇ) തസ്തിക ഷിഫ്റ്റ് ചെയ്യാൻ തീരുമാനം എടുത്തിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly